# തൃക്കുന്നത്ത് സെമിനാരിയും ചരിത്രവും

ഫാ. ജോർജ് വർഗീസ് മോർ ഇഗ്നാത്തിയോസ് സെമിനാരി കോതമംഗലം




1879-ൽ മിഥുനമാസം 13-ന് പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പരിശുദ്ധ മോറാൻ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് മുളന്തുരുത്തി സുന്നഹദോസിൽ വച്ച് ഈ ഭദ്രാസനം രൂപീകരിച്ച് പ്രഖ്യാപിച്ച് അമ്പാട്ട് ഗീവർഗീസ് മോർ കൂറീലോസ് മെത്രാപ്പോലീത്തായെ ഭദ്രാസനാധിപനായി വാഴിച്ചു. അഭിവന്ദ്യ തിരുമേനി ഇന്നത്തെ തൃക്കുന്നത്ത് സെമിനാരി ഇരിക്കുന്ന സ്ഥലത്ത് അങ്കമാലി ഭദ്രാസനത്തിന് 20 ഏക്കർ ഭൂമി സമ്പാദിക്കുകയും അവിടെ ഒരു ചെറിയ പള്ളി ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ചു. പള്ളിക്ക് ഇടവകക്കാർ ഇല്ലാതിരുന്നതിനാൽ കുറുപ്പംപടി- കോതമംഗലം ഭാഗത്തുനിന്നുള്ള വിശ്വാസികളെ കൊണ്ടുവന്ന് താൻ വാങ്ങിയ സ്ഥലത്ത് താമസിപ്പിച്ച് അത് ഇടവകയാക്കുകയും അത് ഭദ്രാസനാസ്ഥാനമാക്കി തിരുമനസ്സുകൊണ്ട് ഇവിടെയിരുന്ന് ഭരണമാരംഭിച്ചു. അന്നുമുതൽ യാക്കോബായ സുറിയാനിസഭയുടെ അങ്കമാലി ഭദ്രാസനാസ്ഥാനമാണ് തൃക്കുന്നത്ത് സെമിനാരി.

മോർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കാലശേഷം പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ട കടവിൽ പൗലോസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്ത തൃക്കുന്നത്ത് സെമിനാരിയിൽ താമസിച്ച് ഭദ്രാസനഭരണം

നടത്തി തനിക്ക് പൈതൃകമായി ലഭിച്ച സ്വത്തുക്കളും സെമിനാരിക്ക് ദാനം ചെയ്തു. ആയതിന് ഒരു വിൽപ്പത്രവും തയ്യാറാക്കി രജിസ്റ്റർ ചെയ്തു.

മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കാലശേഷം പരിശുദ്ധ മോറാൻ ഇഗ്നാത്യോസ് അബ്ദുള്ള പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ട പൗലോസ് മോർ അത്താനാസ്യോസ് (വലിയതിരുമേനി) ഭദ്രാസനഭരണമേറ്റെടുത്ത് നാല്പത്തിമൂന്ന് വർഷക്കാലം സെമിനാരിയിൽ താമസിച്ച് അങ്കമാലി ഭദ്രാസനഭരണം നടത്തി. മാത്രമല്ല, മലങ്കരമെത്രാപ്പോലീത്തായായിരുന്ന് മലങ്കരസഭ മുഴുവന്റെയും ഭരണം നിർവഹിച്ചു.

മലങ്കരയുടെ പൗലോസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കാല ശേഷം പരിശുദ്ധ സിംഹാസനത്തിൽ നിന്നും പരിശുദ്ധ മോറാൻ ഇഗ്നാത്യോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിൽ നിന്നും സ്ഥാനം പ്രാപിച്ചു വന്ന വയലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ഭദ്രാസനഭരണമേറ്റു. ഭദ്രാസന അതിർത്തി തമിഴ്നാട് അതിർത്തി വരെ വ്യാപിച്ചു. ധാരാളം ദൈവാലയങ്ങൾ ഉണ്ടായി. സെമിനാരിയിൽ കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ എന്നിവ നിർമ്മിച്ചു. സെമിനാരി പള്ളി ഇടവക പള്ളിയായി പ്രഖ്യാപിച്ചു. പള്ളിക്ക് പൊതുയോഗവും ഉണ്ടായി – സെമി ത്തേരിയുമുണ്ടായി – സെമിനാരിയിൽ സെമിനാരി ചാപ്പലും നിർമ്മിച്ചു.

അപ്പോൾ തൃക്കുന്നത്ത് സെന്റ് മേരീസ് പള്ളി ഇടവകപ്പള്ളിയാണ്. അതിന്റെ സെമി ത്തേരിയിൽ അവസാനമായി അടക്കിയത് മണ്ണാറപ്രായിൽ കോറെപ്പിസ്കോപ്പായുടെ ഭാര്യയുടെ മാതാവിനെയാണ് – ഇക്കഴിഞ്ഞദിവസം. (ഇതോടെ തൃക്കുന്നത്ത് സെമി നാരി പള്ളി ഇടവകപ്പള്ളിയല്ല എന്ന മെത്രാൻകക്ഷിക്കാരുടെ വാദം പരസ്യമായി പൊളിഞ്ഞുപോയി.)

വയലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് തിരുമേനി 1966–ൽ കാലം ചെയ്തു.

സഭായോജിപ്പിനെ തുടർന്ന് പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോറാൻ ഇഗ്നാത്യോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ വാഴിക്ക പ്പെട്ട ഔഗേൻ പ്രഥമൻ കാതോലിക്ക കോലഞ്ചേരിയിൽ വച്ച് വാഴിച്ച ഫിലിപ്പോസ് മോർ തെയോഫിലോസ് യാക്കോബായ സഭയുടെ അങ്കമാലി ഭദ്രാസന മെത്രാപ്പോലീ ത്തായായി സ്ഥാനമേറ്റ് സെമിനാരിയിൽ താമസിച്ചുവരവെ 1970കളിൽ സഭയിൽ കക്ഷി വഴക്ക് രൂക്ഷമായപ്പോൾ അങ്കമാലി ഭദ്രാസനത്തിൽ മെത്രാൻകക്ഷിക്ക് ഒരു പള്ളി പോലും ഇല്ലാതിരിക്കെ തെയോഫിലോസ് മെത്രാപ്പോലീത്ത മറുപക്ഷത്തേക്ക് കൂറു മാറി. (ഈ കൂറുമാറ്റം നടക്കുന്നതുവരെ സെമിനാരി സ്ഥാപിച്ച കാലം മുതൽ നൂറ്റാണ്ടു കളായി ഈ സെമിനാരി യാക്കോബായ സുറിയാനിസഭയുടെ അങ്കമാലി ഭദ്രാസനാ സ്ഥാനമായിരുന്നു.) മെത്രാന്റെ കൂറുമാറ്റത്തെതുടർന്ന് സെമിനാരിയിലും പള്ളിയിലും പ്രശ്നങ്ങൾ രൂക്ഷമായി. സെമിനാരിയും പള്ളിയും പൂട്ടി സീൽ ചെയ്തു. മെത്രാൻ ഒരു മുറി കൈവശപ്പെടുത്തി താമസമാരംഭിച്ചു. മോർ തെയോഫിലോസ് കാലം ചെയ്ത പ്പോൾ അദ്ദേഹത്തെ മറ്റ് മെത്രാപ്പോലീത്തന്മാരുടെ നിരയിൽ പോലും അടക്കാൻ ഇടവ കക്കാരും ഭദ്രാസനവും വിസമ്മതിക്കുകയും പള്ളിയുടെ പുറത്തേക്ക് ഷെഡ് ചാർത്തി

അതിൽ അടക്കുകയും ചെയ്തു. ഇതിൽ നിന്നുമറിയാമല്ലോ മെത്രാൻകക്ഷിക്ക് തൃക്കുന്നത്ത് സെമിനാരിയിൽ എന്തധികാരമെന്ന്?

മോർ തെയോഫിലോസ് കൂറുമാറിയതിനെതുടർന്ന് പരിശുദ്ധ സിംഹാസനത്തിൽ നിന്നും മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും തോമസ് മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഭദ്രാസനാധിപനായി സ്ഥാനം പ്രാപിച്ചുവന്നു. തൃക്കുന്നത്ത് സെമിനാരിയിൽ പ്രവേശിച്ച് ഭദ്രാസനഭരണം ഏറ്റെടുക്കാനായി വന്നപ്പോൾ കൂറുമാറിയ തെയോഫിലോസും കൂട്ടരും എതിർത്തു. ഇതേതുടർന്ന് സെമിനാരി പൂട്ടി സീൽ ചെയ്തു.

മോർ ദീവന്നാസ്യോസ് (ശ്രേഷ്ഠ ബാവാ) തിരുമനസ്സുകൊണ്ട് ഭദ്രാസനഭരണമേറ്റെടുത്ത നാൾ മുതൽ ചാലക്കുടി മുതൽ തമിഴ്നാട് അതിർത്തിയായ ബോഡിമെട്ട് വരെ രണ്ട് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ഈ ഭദ്രാസനത്തിൽ ഇപ്പോൾ 195 പള്ളികളും 45–ലേറെ രണ്ടുവീതം കുർബാനയുള്ള ചാപ്പലുകളും ധാരാളം കുരിശുപള്ളികളും 240–ന് മേൽ പട്ടക്കാരും ഏഴു ലക്ഷത്തോളം വിശ്വാസികളും ഉണ്ട്. അഭിവന്ദ്യ ബാവാ തിരുമനസ്സുകൊണ്ട് മെത്രാഭിഷേകം പ്രാപിച്ചുവന്നതിനുശേഷമാണ് കാടും മേടും താണ്ടി ഇതിൽ അമ്പതിൽപരം പള്ളികൾ പുതുതായി സ്ഥാപിച്ചത്. പള്ളികൾ എല്ലാം മനോഹരമായി പുതുക്കിപ്പണിത് ഇടവകകൾക്ക് ധാരാളം ഭൂസ്വത്തുക്കൾ സമ്പാദിക്കുകയും മിക്ക ഇടവകകളിലും സ്കൂളുകൾ, ഹാളുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവയെല്ലാം സ്ഥാപിതമായി. അടിമാലി പെരുമ്പാവൂർ സ്ഥലങ്ങളിൽ സോണൽ ഓഫീസുകളും കോതമംഗലത്ത് മൗണ്ട് സീനായ് അരമനയും പണിതീർത്ത് ഭദ്രാസനത്തെ ഇന്ന് കാണുന്ന രീതിയിൽ കെട്ടിലും മട്ടിലും ശക്തമാക്കിത്തീർത്തത് തിരുമനസ്സിലെ അക്ഷീണപരിശ്രമമാണ്.

32–ൽപരം വർഷങ്ങളായി പൂട്ടപ്പെട്ടുകിടക്കുന്ന തൃക്കുന്നത്ത് സെമിനാരിയിലും പള്ളിയിലും നിലനിന്നുവന്നിരുന്ന സ്റ്റാറ്റസ്കോ – തൽസ്ഥിതി രീതി ലംഘിക്കുന്നതിന് മറുകക്ഷിക്ക് ഇന്നത്തെ ഗവൺമെന്റ് മൗനാനുവാദം നൽകിയതാണ് ഇപ്പോഴത്തെ പ്രശ്നകാരണങ്ങൾ. ഇതിൽ പ്രതിഷേധിച്ചാണ് ശ്രേഷ്ഠ കാതോലിക്കാബാവാ പ്രാർത്ഥനായജ്ഞവും നിരാഹാരവും നടത്തിയത്. ഇതേത്തുടർന്ന് ഗവൺമെന്റ് 144–ഉം പ്രഖ്യാപിച്ചു. സ്റ്റാറ്റസ്കോ നിലനിർത്താമെന്നും സമ്മതിച്ചു. എന്നാൽ ഒരാഴ്ച കഴിയുന്നതിനു മുമ്പ് ഗവൺമെന്റിന് 144–ഉം സ്റ്റാറ്റസ്കോയും ലംഘിച്ചില്ല എന്ന് പറയുവാൻ സാധിക്കുമോ? 144 നിലനിൽക്കെ വൻ പോലീസ് വ്യൂഹം കാവൽ നിൽക്കെ സ്റ്റാറ്റസ്കോയ്ക്ക് വിരുദ്ധമായി എങ്ങനെ മെത്രാൻകക്ഷി കാതോലിക്കായും മെത്രാന്മാരും സെമിനാരി വളപ്പിൽ കടന്നു? എന്തിനവരെ കടത്തിവിട്ടു?

തൃക്കുന്നത്ത് സെമിനാരിയും പള്ളിയും മെത്രാൻ കക്ഷിയുടെ കാതോലിക്ക മലങ്കര മെത്രാനും കൂടിയായതിനാൽ ഏറ്റെടുത്തുവെന്നോ? അതെങ്ങനെ? ഏതുവിധം?

*Source:* വിശ്വാസസംരക്ഷകൻ

*July 2005 issue*